**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1329** **07-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പൊതുവിദ്യലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് നിയോജക മണ്ഡലത്തിലെ കിടങ്ങറ ഗവ. ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പൂർത്തിയാക്കിയിരുന്നു. ഗവ. ഹൈസ്കൂൾ, വിയ്യപുരം സ്കൂളിന് 1 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയെങ്കിലും കിഫ്ബിയുടെ തീരദ്ദേശ പദ്ധതിയിലുൾപ്പെടുത്തി ഫണ്ടനുവദിച്ചിട്ടുള്ളതിനാൽ കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടില്ല. |
| (ബി) | കനോയിംഗ്, കയാക്കിംഗ് പരിശീലനത്തിന് വലിയ സാദ്ധ്യത ഉള്ള കുട്ടനാട്ടിലെ പൊതു വിദ്യാലയങ്ങളോട് അനുബന്ധിച്ച് ഈ കായിക ഇനങ്ങളുടെ പരിശീലനത്തിന് അവസരം ഒരുക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ ചേന്നംകരി ദേവമാതാ ഹൈസ്കൂളിൽ 150 വിദ്യാർത്ഥികൾ കനോയിംഗ്, കയാക്കിംഗ് പരിശീലനം നേടുന്നുണ്ട്. എന്നാൽ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഏപ്രിൽ പകുതിയോടെ പ്രസ്തുത പരിശീലനം താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. |
| (സി) | കുട്ടനാട്ടിലെ ഫിറ്റ്നസ്സ് ഇല്ലാത്ത മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പുതുക്കി പണിയാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | കിടങ്ങറ ഗവ. ഹൈസ്കൂളിന് മാത്രമേ നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെയുള്ളു. പ്രസ്തുത വിദ്യാലയത്തിൽ 5 കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ